**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3565** **26-10-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ പി.ജി. അഡ്മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2018, 2019, 2020 എന്നീ വർഷങ്ങളിൽ നടന്ന മെഡിക്കൽ പി. ജി. എൻടൻസ് പരീക്ഷയിൽ അഡ്മിഷൻ ലഭിച്ചവരുടെ ജാതി തിരിച്ച് ഓരോ വിഭാഗത്തിനും ലഭിച്ച സീറ്റുകളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് സീറ്റ് കുറഞ്ഞതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ബി) | ഉണ്ട്. ചില വിഭാഗങ്ങൾക്ക് സീറ്റ് കുറഞ്ഞതായി പിന്നോക്ക വിഭാഗ കമ്മീഷന് ലഭിച്ച പരാതികളിൽ കമ്മീഷൻ പലതവണ ഹിയറിംഗ് നടത്തുകയും ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 ലെ പിജി പ്രോസ്പെക്ടസ് പ്രകാരം SEBC വിഭാഗത്തിന് 9% ആയിരുന്നു റിസർവേഷൻ. ഇത് 30% ആയി ഉയർത്തുന്നതിനുവേണ്ടിയായിരുന്നു മേൽപ്പറഞ്ഞ ഹിയറിംഗുകൾ. എന്നാൽ 2021 ൽ കേന്ദ്ര സർക്കാർ പി.ജി മെഡിക്കൽ സീറ്റുകളിൽ All India Quota യിൽ SEBC വിഭാഗത്തിന് 27% സംവരണം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി MDS (PG Dental) 2021-22 പ്രവേശനത്തിന് 20% SEBC സംവരണം നൽകി ഇതിനകം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പി.ജി (മെഡിക്കൽ) സ്റ്റേറ്റ് ക്വാട്ടയിലും SEBC സംവരണം വർദ്ധിപ്പിക്കാനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. SC/ST വിഭാഗക്കാർക്ക് പരിഗണനയിലുള്ള സീറ്റുകൾ ലഭിക്കുന്നില്ലെന്ന പരാതി സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ